# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2722 18.06.2018 ൽ മറുപടിക്ക്**

**റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണപ്രവൃത്തി**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. ജോൺ ഫെർണാണ്ടസ്** | | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) 2017-2018 ബജറ്റിൽ 30 കോടി രൂപ വകയിരുത്തിയിട്ടുള്ള എറണാകുളം ജില്ലയിലെ വാത്തുരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവൃത്തികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ;<br><br>ബി) പാലത്തിന്റെ അലൈൻമെന്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ;<br><br>സി) ഇല്ലെങ്കിൽ ഇതിനുള്ള കാരണം വിശദമാക്കാമോ? | എ) ബി) & സി) | വാത്തുരുത്തി റെയിൽവേ മേൽപ്പാലനിർമ്മാണത്തിന് കൊച്ചിൻ പോർട്ട് ട്രസ്റ്റ്, ഇന്ത്യൻ നേവി, റെയിൽവേ എന്നിവരുടെ അനുമതി ആവശ്യമാണ്. ആർ ബി ഡി സി കെ പദ്ധതിയുടെ 3 അലൈൻമെന്റുകൾ തയ്യാറാക്കി 25.11.2017 ന് കൊച്ചി തുറമുഖ ട്രസ്റ്റിന് സമർപ്പിച്ചു. തുടർന്ന് നിരവധി ചർച്ചകൾക്ക് ശേഷം പുതുക്കിയ കരട് അലൈൻമെന്റ് 28.02.2018 ന് തുറമുഖ ട്രസ്റ്റിനും ഇന്ത്യൻ നേവിക്കും റെയിൽവേയ്ക്കും സമർപ്പിച്ചിരുന്നു. തുടർന്ന് 20.03.2018ന് പോർട്ട്, അലൈൻമെന്റിന് എൻ ഒ സി നൽകി. എന്നാൽ 18.04.2018 ൽ ഇന്ത്യൻ നേവി മേൽപ്പാലത്തിന്റെ ലൊക്കേഷൻ വിമാനത്താവളത്തിന്റെ ഹൈറ്റ് ക്ലിയറൻസ് കണക്കിലെടുത്ത് 200മീറ്റർ മാറ്റണമെന്ന് ആവശ്യപ്പെട്ടു. തുടർന്ന് 14.05.2018ൽ നേവിയുമായി ചർച്ചകൾ നടത്തിയെങ്കിലും 90മീറ്ററെങ്കിലും മാറ്റിയാൽ മാത്രമേ അലൈൻമെന്റ് അംഗീകരിക്കുന്ന കാര്യം സിവിൽ ഏവിയേഷൻ നിയമങ്ങൾ അനുസരിച്ച് കഴിയുകയുള്ളൂ എന്നറിയിച്ചു. ഇതിന്റെ ടെക്നിക്കൽ ഫീസിബിലിറ്റി പരിശോധിച്ച ശേഷം പുതുക്കിയ അലൈൻമെന്റ് ഒരു മാസത്തിനകം വീണ്ടും നേവിയുടെയും തുറമുഖ ട്രസ്റ്റിന്റെയും റെയിൽവേയുടെയും അംഗീകാരത്തിന് സമർപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അതിന്റെ നടപടികൾ പുരോഗമിക്കുന്നു. |

S. Bindu

സെക്ഷൻ ഓഫീസർ